**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2682** **13-02-2024 - ൽ മറുപടിയ്ക്ക്**

**പരിസ്ഥിതി സൗഹാർദ്ദ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പുതിയ വ്യവസായ സ്ഥാപനങ്ങൾ, സംരംഭങ്ങൾ, വാഹന നിർമ്മാണ കമ്പനികൾ തുടങ്ങിയവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് 312556 സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിലെ പൊതു സ്ഥാപനങ്ങളായ കിൻഫ്ര, സിഡ്കോ എന്നിവയുടെ കീഴിൽ യഥാക്രമം 837, 47 എന്നിങ്ങനെ വ്യവസായ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർനാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായി പ്രവർത്തിച്ചു വരുന്നു. ഇതോടൊപ്പം കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ (BHEL – EML) – നെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കെൽ-ഇ.എം.എൽ എന്ന് പുന:നാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി പ്രവർത്തനം പുനരാരംഭിച്ചു. |
| (ബി) | കേരളത്തിന്റെ അയൽ സംസ്ഥാനങ്ങളിൽ വൻകിട വാഹന നിർമ്മാണ കമ്പനികൾ അടക്കം നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും ഭീമമായ റവന്യൂ വരുമാനം ലഭിക്കുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് കേരളത്തിലും പരിസ്ഥിതി സൗഹാർദ്ദമായ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാനും അതുവഴി വരുമാനം കണ്ടെത്തുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | വ്യവസായ വകുപ്പിനു കീഴിൽ ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾ നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ പാലിച്ച് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെയാണ് ആരംഭിക്കുന്നത്. |
| (സി) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യം മറികടക്കുവാൻ വ്യവസായ | (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്കായുള്ള ധനസഹായം ഗഡുക്കളായി നൽകി വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | വകുപ്പ് സ്വീകരിച്ചിട്ടുള്ള നയ സമീപനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | | അത്യാവശ്യ പ്രവർത്തന മൂലധന സഹായവും സർക്കാർ നൽകി വരുന്നു.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികളുടെ നടത്തിപ്പിനായി തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാരിൽ നിന്നുള്ള വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള ബഡ്ജറ്റ് ധനസഹായത്തിന് പുറമെ ബാങ്കുകൾ/മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ മറ്റ് ഉറവിടങ്ങളിൽ നിന്നോ സഹായം കണ്ടെത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന സർക്കാർ പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിൽ എത്ര സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു; അത്തരം സ്ഥാപനങ്ങളെ പുനർജ്ജീവിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളുടെ 2022-23 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 22 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം ഉണ്ടാക്കുകയും, 29 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു.<br><br>നഷ്ടത്തിൽ പ്രവർത്തിക്കുന്നത് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്ര സാങ്കേതിക മേഖലകളിലും വിപണന രംഗത്തും ഉൾപ്പെടെ വ്യവസായ സംബന്ധിയായ സമസ്ത മേഖലകളിലും ഉണ്ടായി കൊണ്ടിരിക്കുന്ന വളർച്ചയും മാറ്റങ്ങളും ഉൾക്കൊണ്ട് ഓരോ കമ്പനികളും തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പദ്ധതികൾ അടിസ്ഥാനമാക്കിയ ആധുനികവത്ക്കരണ പദ്ധതികൾ ഓരോ വർഷത്തെയും വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ